പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7401

14.07.2014 ൽ മറുപടി നല്കേണ്ടിയിരുന്നത്

**അഗ്രികാർഡ് വിതരണവും പലിശരഹിത വായ്പയും**

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) സംസ്ഥാനത്ത് അഗ്രികാർഡ് നൽകിയ എത്ര കർഷകരുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അഗ്രി കാർഡ് കൈപ്പറ്റിയവർക്ക് നൽകിയതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ കേന്ദ്രത്തോട് എന്തു തുക ആവശ്യപ്പെട്ടെന്നും കേന്ദ്രം എന്തു തുക അനുവദിച്ചെന്നും വിശദമാക്കാമോ?

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) അഗ്രികാർഡുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടില്ല. കാർഡുകളുടെ വിതരണത്തിനുള്ള നടപടികൾ നോഡൽ ബാങ്ക് ആയ കാനറാ ബാങ്കിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും.
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (Crop Loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50% പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ കേന്ദ്രത്തോട് തുക ഒന്നും ആവശ്യപ്പെട്ടിട്ടില്ല. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതവും കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നല്കുന്നതിനായി 2011-12 വർഷത്തെ ബഡ്ജറ്റിൽ ഉത്തേജന പലിശ ഇളവ് പദ്ധതി പ്രഖ്യാപിക്കുകയും ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ 31 കോടി രൂപ വഹിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തിരുന്നു. ടി തുകയിൽ പലിശ രഹിത വായ്പ നൽകുന്നതിന് 2012-13 വർഷത്തിൽ 3 കോടി രൂപയും 2013-14 വർഷത്തിൽ ഒരു കോടി രൂപയും അനുവദിച്ചിരുന്നു.

൪

സെക്ഷൻ ഓഫീസർ